## ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 30.08.2026**

### പ്രധാനവാർത്തകൾ

1. ആഘോഷപ്പൊലിമയുടെ വർണവിസ്മയം തീർത്ത് ഓണം വാരാഘോഷത്തിന്റെ സമാപന ഘോഷയാത്ര തിരുവനന്തപുരത്ത് പുരോഗമിക്കുന്നു. ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ ഘോഷയാത്ര ഫ്ളാഗ് ഓഫ് ചെയ്തു.

2. ഓളപ്പരപ്പിൽ പള്ളിയോടങ്ങളുടെ ആവേശക്കാഴ്ചയൊരുക്കി ആറന്മുളയിൽ ഇന്ന് ഉത്രട്ടാതി വള്ളംകളി. കേരളത്തിന്റെ വൈവിധ്യമാർന്ന സംസ്കാരത്തിന്റെ പ്രതീകമാണ് ആറന്മുള ജലമേളയെന്ന് ഉപരാഷ്ട്രപതി.

3. ലഹരിമുക്ത ഇന്ത്യക്കായി ജനങ്ങൾ ഒന്നടങ്കം അണിനിരക്കണമെന്ന് മൻ കി ബാത്തിൽ ആഹ്വാനം ചെയ്ത് പ്രധാനമന്ത്രി നരേന്ദ്രമോദി.

4. ഉഭയകക്ഷി വ്യാപാരം അഞ്ചിരട്ടിയാക്കാൻ ലക്ഷ്യമിട്ട് വിവിധ ധാരണാപത്രങ്ങളിൽ ഇന്ത്യയും ഉസ്ബക്കിസ്ഥാനും ഒപ്പുവച്ചു. ഉസ്ബെക്കിസ്ഥാന്റെ പരമോന്നത ബഹുമതി ഏറ്റുവാങ്ങി പ്രധാനമന്ത്രി നരേന്ദ്രമോദി.

RNU TVPM

5. ബാറുകളിലെ അനധികൃത പണ പ്പിരിവിൽ കോട്ടയം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ എസ് അശോക കുമാർ അടക്കം 7 ഉദ്യോഗസ്ഥർക്ക് സസ്പെൻഷൻ.

6. വനിതാ ടി-20 ഏഷ്യ കപ്പ് ക്രിക്കറ്റിൽ ഇന്ത്യ ഇന്ന് തായ്ലൻറിനെ നേരിടും.

&&&&&&&&&&&&&&&

<u>ഓണം വാരാഘോഷം സമാപനം (ഇ ൻട്രോ))</u>

നഗരവീഥികളിൽ ആഘോഷപ്പൊലിമയുടെ വർണവിസ്മയം തീർത്ത് ഓണം വാരാഘോഷത്തിൻറെ സമാപന ഘോഷയാത്ര തിരുവനന്തപുരത്ത് പുരോഗമിക്കുന്നു. ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ ഘോഷയാത്ര ഫ്ളാഗ് ഓഫ് ചെയ്യു. ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ, മുഖ്യമന്ത്രി വി.ഡി. സതീശൻ, മന്ത്രിമാരായ പി.സി. വിഷ്ണുനാഥ്, കെ. മുരളീധരൻ, സിപി ജോൺ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു. സംസ്ഥാന ടൂറിസം വകുപ്പിൻറെ നേതൃത്വത്തിലാണ് ഓണം വാരാഘോഷം സംഘടിപ്പിച്ചത്.

വിശദാംശ ങ്ങളുമായി ആകാശവാണി തിരുവന ന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്......

(വോയിസ്)

&&&&&&&&&&&&&&&

<u>ആറന്മുള ജലമേള (ഇ ൻട്രോ)</u>

ഓളപ്പരപ്പിൽ പള്ളിയോടങ്ങളുടെ ആവേശക്കാഴ്ചയൊരുക്കി ആറന്മുളയിൽ ഇന്ന് ഉത്യട്ടാതി വള്ളംകളി. ജലമേളയുടെ ഉദ്ഘാടനം ഉപരാഷ്ട്രപതി സി.പി

RNUTVPM

രാധാകൃഷ്ണൻ നിർവഹിച്ചു. കേരളത്തിന്റെ വൈവിധ്യമാർന്ന സംസ്കാരത്തിന്റെയും ചരിത്രത്തിന്റെയും പ്രതീകമാണ് ആറന്മുള ജലമേളയെന്ന് ഉപരാഷ്ട്രപതി പറഞ്ഞു.

(ഹോൾഡ്)

മന്ത്രി മോൻസ് ജോസഫ് വള്ളംകളി ഫ്ലാഗ്ഓഫ് ചെയ്തു . ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ, മന്ത്രിമാരായ രമേശ് ചെന്നിത്തല, റോജി എം. ജോൺ തുടങ്ങി പ്രമുഖർ ചടങ്ങിൽ പങ്കെടുത്തു. പമ്പാനദിയിൽ നടക്കുന്ന ജലമേളയിൽ 51 പള്ളിയോടങ്ങളാണ് പങ്കെടുക്കുന്നത്. ബി ബാച്ച് ഫൈനലിൽ കോറ്റാത്തൂർ കൈതക്കോടി പള്ളിയോടം മന്നം ട്രോഫി നേടി.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി പ ത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ...**

(ഹോൾഡ്)

PNU TVPM

**&&&&&&&&&&&&&&&**

<u>ഉപരാഷ്ട്രപതി ലക്ഷദ്വീപ്</u>

രണ്ട് ദിവസത്തെ സന്ദർശനത്തിനായി ഇന്ന് രാവിലെ കൊച്ചിയിലെത്തിയ ഉപരാഷ്ട്രപതിയെ ഗവർണ്ണർ ഉൾപ്പെടെ പ്രമുഖർ ചേർന്നാണ് സ്വീകരിച്ചത്. തുടർന്ന് ആലപ്പുഴയിൽ എത്തിയ അദ്ദേഹം കേരള കൗമുദി ദിനപത്രത്തിന്റെ 115-ആം വാർഷികം ഉദ്ഘാടനം ചെയ്തു. നാളെ ലക്ഷദ്വീപിൽ എത്തുന്ന ഉപരാഷ്ട്രപതി, അഗത്തി ദ്വീപിൽ ഫിഷറീസ് മന്ത്രാലയം സംഘടിപ്പിക്കുന്ന പരിപാടിയിൽ മുഖ്യാതിഥിയാകും. പ്രധാനമന്ത്രി മത്സ്യ സമ്പദ യോജനയുടെ ഗുണഭോക്താക്കൾക്കുള്ള സഹായ വിതരണം അദ്ദേഹം നിർവഹിക്കും. വർണ്ണ

മത്സ്യങ്ങളുടെ ഉത്പാദനം പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഫിഷറീസ് മന്ത്രാലയം ആവിഷ്കരിക്കുന്ന മിഷൻ രംഗീൻ മച്ലി 2031-ൻറെ ഭാഗമായ കർമ്മപദ്ധതികളും ഉപരാഷ്ട്രപതി ഉദ്ഘാടനം ചെയ്യും. തുടർന്ന് കൊച്ചിയിൽ മടങ്ങിയെത്തുന്ന അദ്ദേഹം കാക്കനാട് രാജഗിരി സ്കൂൾ ഓഫ് Engineering & Technology യുടെ രജത ജൂബിലി ആഘോഷങ്ങളിൽ പങ്കെടുക്കും.

**&&&&&&&&&&&&&&&**

<u>നശാ മുക്ത് (ഇൻട്രോ)</u>

ലഹരിയുടെ ദൂഷ്യഫലങ്ങൾ ഒരാളെ മാത്രം ബാധിക്കുന്നതല്ലെന്നും,കുടുംബവും സമൂഹവും ഒന്നടങ്കം അനുഭവിക്കേണ്ടിവരുന്നതായും പ്രധാനമന്ത്രി നരേന്ദ്രമോദി. മൻ കി ബാത്തിൻറെ 137-ാാം പതിപ്പിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുകയായിരുന്നു അദ്ദേഹം. ലഹരിമുക്ത യുവത്വം, ലഹരിമുക്ത ഇന്ത്യ എന്ന ലക്ഷ്യത്തോടെ നടപ്പാക്കുന്ന 'നശാ മുക്ത് യുവ ഫോർ വികസിത് ഭാരത്' കാമ്പെയിന് രാജ്യത്ത് മികച്ച പ്രതികരണം ലഭിക്കുന്നതായും പ്രധാനമന്ത്രി പറഞ്ഞു. ലഹരിമുക്ത ഭാരതത്തിനായി പ്രചാരണ വാക്യങ്ങളും, ഗാനങ്ങളും, ഉൾപ്പെടെ തയ്യാറാക്കി #നശാ മുക്ത്‌യുവ എന്ന ഹാഷ് ടാഗിനൊപ്പം സമൂഹമാധ്യമത്തിൽ പങ്കുവയ്ക്കാനും അദ്ദേഹം അഭ്യർത്ഥിച്ചു.

(ഹോൾഡ് - പി എം)

**&&&&&&&&&&&&&&&**

<u>എംകെബി ശക്തിസാറ്റ്</u>

RNUTVPM

108 രാജ്യങ്ങളിലെ 12,000 വിദ്യാർത്ഥിനികൾക്ക് ബഹിരാകാശ സാങ്കേതികവിദ്യയിൽ പരിശീലനം നൽകുന്ന ശക്തിസാറ്റ് ദൗത്യത്തിലൂടെ ഇന്ത്യ പെൺകുട്ടികളുടെ സ്വപ്നങ്ങളെ ബഹിരാകാശം വരെ ഉയർത്തിയതായും പ്രധാനമന്ത്രി പറഞ്ഞു. കേന്ദ്രസർക്കാരിൻറെ 'PM സ്വനിധി പദ്ധതി' ലക്ഷക്കണക്കിന് അമ്മമാർക്കും സഹോദരിമാർക്കും പുതിയ ശക്തി പകരുന്നതായും അദ്ദേഹം മൻ കി ബാത്തിൽ പറഞ്ഞു. ശുചിത്വത്തിൻറെ പ്രാധാന്യത്തെക്കുറിച്ച് പറഞ്ഞ പ്രധാനമന്ത്രി നാടിൻറെ മുഖഛായ തന്നെ ഇതിലൂടെ മാറ്റാനാകുമെന്നും വ്യക്തമാക്കി.

&&&&&&&&&&&&&&&

**മോദി ഉസ്ബെക് പരമോന്നത പുരസ്കാരം**

RNUTVPM

ഉസ്ബെക്കിസ്ഥാന്റെ പരമോന്നത ബഹുമതി ഏറ്റുവാങ്ങി പ്രധാനമന്ത്രി നരേന്ദ്രമോദി. ഓർഡർ ഓഫ് ഒലി ദരാജലി ഡസ്ലി പുരസ്കാരമാണ് താഷ്കെന്റിൽ നടന്ന ചടങ്ങിൽ ഉസ്ബെക്ക് പ്രസിഡന്റ് ഷവ്കത്ത് മിർസിയോയേവ് സമ്മാനിച്ചത്. ഉഭയകക്ഷി വ്യാപാരം അഞ്ചിരട്ടിയാക്കാൻ ലക്ഷ്യമിട്ട് വിവിധ ധാരണാപത്രങ്ങളിൽ ഇന്ത്യയും ഉസ്ബക്കിസ്ഥാനും ഒപ്പുവച്ചു . ഖനനം, ആയുർവേദം, വിനോദസഞ്ചാരം, ഉന്നത വിദ്യാഭ്യാസം, പരിസ്ഥിതി എന്നിവയുമായി ബന്ധപ്പെട്ട ധാരണാപത്രങ്ങളിലാണ് പ്രധാനമന്ത്രിയുടെ സന്ദർശനത്തിൻറെ ഭാഗമായി ഇരു രാജ്യങ്ങളും ഒപ്പുവച്ചത്. ഉസ്ബക്കിസ്ഥാൻ പ്രസിഡൻറുമായി ശ്രീ മോദി ഇന്ന് ഉഭയകക്ഷി ചർച്ചയും നടത്തി.

&&&&&&&&&&&&&&&

**സസ്പെൻഷൻ**

ബാറുകളിൽ നിന്നും അനധികൃതമായി പണവും മദ്യവും അടക്കം കൈപ്പറ്റിയ സംഭവത്തിൽ, കോട്ടയം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ എസ് അശോക കുമാർ അടക്കം 7 ഉദ്യോഗസ്ഥർക്ക് സസ്പെൻഷൻ. എക്സൈസ് വകുപ്പ് മന്ത്രി എം ലിജുവിന്റെ നിർദേശപ്രകാരമാണ് എക്സൈസ് കമ്മീഷണർ സീറാം സാംബശിവ റാവു സസ്പെൻഷൻ ഉത്തരവ് പുറത്തിറക്കിയത്. പരാതി ലഭിച്ചതിൻറെ അടിസ്ഥാനത്തിൽ എക്സൈസ് കമ്മീഷണർ ബാറുകളിൽ നടത്തിയ മിന്നൽ പരിശോധനയെ തുടർന്നാണ് നടപടി.

&&&&&&&&&&&&&&&

<u>വനിതാ ടി-20</u>

വനിതാ ടി-20 ഏഷ്യ കപ്പ് ക്രിക്കറ്റിൽ ഇന്ത്യ ഇന്ന് തായ്‌ലൻറിനെ നേരിടും. ഇന്ത്യൻ സമയം രാത്രി 8 മണിക്ക് ദുബായ് അന്താരാഷ്ട്ര ക്രിക്കറ്റ് സ്റ്റേഡിയത്തിലാണ് മത്സരം. ഹർമൻപ്രീത് കൗറാണ് ഇന്ത്യയെ നയിക്കുന്നത്.

&&&&&&&&&&&&&&&

<u>നേപ്പാൾ പ്രളയം</u>

നേപ്പാൾ പ്രളയത്തിൽ മരണം 768 ആയി. 2500 ലധികം ആളുകളെ കാണാതായിട്ടുണ്ട്. ദുരന്തത്തിന്റെ അഞ്ചാം ദിനമായ ഇന്നും കാണാതായവർക്കായി തിരച്ചിൽ തുടരുകയാണ്.

&&&&&&&&&&&&&&&

<u>നേപ്പാൾ പ്രളയം-മാനസസരോവ</u>

RJUTVPM

കൈലാസ് മാനസസരോവർ യാത്രയ്ക്ക് പോയ 19 മലയാളികൾ ഉൾപ്പെടുന്ന 23 അംഗ സംഘം ഇന്നലെ രാത്രിയോടെ കാഠ്മണ്ഡുവിലെത്തിയതായി നോർക്ക അറിയിച്ചു. കൈലാസ ദർശനം പൂർത്തിയാക്കിയ ഡോക്ടർമാരുടെ ആറംഗ സംഘവും ഇന്ന് വൈകുന്നേരത്തോടെ കാഠ്മണ്ഡുവിൽ എത്തും. കാഠ്മണ്ഡുവിലേയ്ക്ക് വിനോദയാത്രയ്ക്കു പോയ 44 പേരടങ്ങുന്ന മറ്റൊരു സംഘം നാളെ രാവിലെ കോഴിക്കോട് മടങ്ങിയെത്തും. നേപ്പാൾ പ്രളയത്തെത്തുടർന്ന് നോർക്ക റൂട്ട്സ് ഹെൽപ്പ് ലൈനിൽ ബന്ധപ്പെട്ട 52 പേരിൽ 45 പേരും സുരക്ഷിതരാണ്. ഏഴു പേരെയാണ് ഇനി കണ്ടെത്താനുള്ളത്.

**&&&&&&&&&&&&&&&**

RNU TVPM

<u>കാലാവസ്ഥ</u>

കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി തിരുവനന്തപുരം മുതൽ തൃശൂർ വരെയുള്ള തീരദേശ ജില്ലകളിൽ നാളെ രാത്രി വരെ കടലാക്രമണത്തിന് സാധ്യതയെന്ന് മുന്നറിയിപ്പ്. മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിക്കണം.

**&&&&&&&&&&&&&&&**

<u>ഓപ്പറേഷൻ തൂഫാൻ</u>

സംസ്ഥാന ആഭ്യന്തര വകുപ്പ് നടപ്പാക്കുന്ന 'ഓപ്പറേഷൻ തൂഫാൻ' പദ്ധതിയുടെ ഭാഗമായി കോഴിക്കോട് റൂറൽ ജില്ലാ പോലീസ് സംഘടിപ്പിക്കുന്ന സീനിയർ സിറ്റിസൺസ് സംഗമവും 'തൂഫാൻ കെയർ ഡിക്ലറേഷൻ' പരിപാടിയും സംസ്ഥാന ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല നാളെ ഉദ്ഘാടനം ചെയ്യും. വടകര മുനിസിപ്പൽ ടൗൺ ഹാളിൽ

നടക്കുന്ന പരിപാടിയിൽ ഷാഫി പറമ്പിൽ എം പി തൂഫാൻ വാരിയർ ഡിക്ലറേഷനും, എം.കെ. രാഘവൻ എം.പി. തൂഫാൻ ബാഡ്ജ് വിതരണവും നിർവഹിക്കും. പത്മശ്രീ മീനാക്ഷി അമ്മ ഉൾപ്പെടെയുള്ള സാമൂഹിക-സാംസ്കാരിക രംഗത്തെ പ്രമുഖർ തൂഫാൻ ബാഡ്ജ് സ്വീകരിക്കും.

&&&&&&&&&&&&&&&

&&&&&&&&&

&&&

RNU TVPM